# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 820      01.03.2017-ൽ മറുപടിക്ക്

## കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ഡി.പ്രസേനൻ | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| ആദിവാസികൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി ആരംഭിച്ച 'കമ്യൂണിറ്റി കിച്ചൻ' പദ്ധതിയുടെ നിലവിലെ അവസ്ഥയെക്കുറിച്ച് വിവരിക്കാമോ? | അട്ടപ്പാടി മേഖലയിൽ പോഷകാഹാരക്കുറവ് മൂലമുണ്ടാകുന്ന ശിശുമരണങ്ങളുടെയും നിത്യരോഗങ്ങളുടെയും വെളിച്ചത്തിൽ ടി മേഖലയിലെ ആളുകൾക്ക് ഭക്ഷണം നൽകുക എന്ന ലക്ഷ്യത്തോടു കൂടി സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് കമ്മ്യൂണിറ്റി കിച്ചൻ. പട്ടികവർഗ്ഗ വികസനവകുപ്പും സാമൂഹ്യനീതി വകുപ്പും പദ്ധതിക്കാവശ്യമായ സാമ്പത്തിക സഹായത്തോടെ കുടുംബശ്രീ മുഖാന്തിരമാണ് പ്രസ്തുത പദ്ധതി അട്ടപ്പാടിയിൽ നടപ്പിലാക്കി വരുന്നത്.<br>**<u>അട്ടപ്പാടി മേഖലയിലെ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനം</u>**<br>അട്ടപ്പാടി മേഖലയിൽ കുടുംബശ്രീ സംവിധാനം വഴി രൂപീകരിക്കപ്പെട്ട അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾ ഊരുകളിലെ ആളുകളുമായി ചർച്ച നടത്തി നൽകേണ്ട ഭക്ഷണം സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നു. കുടുംബശ്രീ ഗ്രൂപ്പിലെ അംഗങ്ങൾ ഭക്ഷണത്തിനാവശ്യമായ സാധനങ്ങൾ വാങ്ങുകയും പാചകം ചെയ്യുകയും ചെയ്യും. ഭക്ഷണത്തിനാവശ്യമായ അരി, റാഗിപൊടി, കടല, പയറു വർഗ്ഗങ്ങൾ, മസാല തുടങ്ങിയ ഇനങ്ങൾ മാവേലി സ്റ്റോറിൽ നിന്നോ ഉചിതമായ മറ്റു സ്ഥലങ്ങളിൽ നിന്നോ വാങ്ങുകയും പാചകത്തിനാവശ്യമായ വിറക്, പച്ചക്കറി എന്നിവ ഗ്രൂപ്പുകൾ നേരിട്ട് പട്ടികവർഗ്ഗക്കാരിൽ നിന്നും ശേഖരിക്കുകയോ വാങ്ങുകയോ ചെയ്യുന്നു. ഇവയ്ക്ക് നേതൃത്വം നൽകുന്നത് കുടുംബശ്രീ ഊരു സമിതികളാണ്. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ 6 വയസ്സിന് താഴെയുള്ള കുട്ടികൾ, കൗമാരക്കാർ, 60 വയസ്സിനു മുകളിലുള്ളവർ, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ, മാറാവ്യാധികൾ ഉള്ളവർ എന്നിവരാണ് കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയുടെ പ്രധാന ഗുണഭോക്താക്കൾ. മുൻ സർക്കാർ കാലത്ത് 53 സെന്ററുകളാണ് നടന്നിരുന്നത്. ഇപ്പോൾ അത് 157 കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. അട്ടപ്പാടി മേഖലയിലെ മുഴുവൻ ഊരുകളിലും (192) കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനം നടപ്പിലാക്കി വരുന്നു.<br>2013-14 സാമ്പത്തിക വർഷം കോഴിക്കോട്, വയനാട്, മലപ്പുറം, കണ്ണൂർ ജില്ലകളിലെ 100 പണിയ കോളനികളിൽ 100 ദിവസം മൂന്നു നേരം ഭക്ഷണം നൽകുന്നതിന് |

| | | | |
|---|---|---|---|
| | | | കുടുംബശ്രീയ്ക്ക് 4 കോടി രൂപ (സ.ഉ (സാധാ) നം.1912/2013/പ.ജ.പവ.വിവ. തീയതി 23.12.2013) പ്രകാരം അനുവദിച്ചിരുന്നു. നിലവിൽ അന്നപൂർണ്ണ, അന്ത്യോദയ, ബി.പി.എൽ, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭക്ഷ്യസഹായ പദ്ധതി എന്നീ പദ്ധതികളിൽ പട്ടികവർഗ്ഗക്കാർ ഗുണഭോക്താക്കൾ ആയതിനാൽ ടി പദ്ധതി അവസാനിപ്പിച്ച് ബാക്കിയുള്ള തുകയായ 2,14,66,780/-രൂപ അട്ടപ്പാടിയിലെ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിക്ക് അനുവദിക്കുന്നതിന് (സ.ഉ (സാധാ) നം.928/2015/പ.ജ.പവ.വിവ. തീയതി 12.06.2015) പ്രകാരം ഉത്തരവ് ആയിരുന്നു. എന്നാൽ ടി ഉത്തരവ് കുടുംബശ്രീ മിഷന് ലഭിക്കുമ്പോൾ പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിച്ച തുകയിൽ 1,85,95,767/- രൂപ മാത്രമായിരുന്നു അവശേഷിച്ചിരുന്നത്. ടി തുക പൂർണ്ണമായും ടി പദ്ധതി നടപ്പിലാക്കുന്നതിനായി വിനിയോഗിച്ചു.<br>2016-17 സാമ്പത്തിക വർഷം ടി പദ്ധതി തുടർന്ന് നടപ്പിലാക്കുന്നതിനായി 350.00 ലക്ഷം രൂപ കുടുംബശ്രീക്ക് അനുവദിച്ചിട്ടുണ്ട്. ഗർഭിണികളിലെയും നവജാത ശിശുക്കളിലേയും പോഷകാഹാരക്കുറവ് പരിഹരിക്കാൻ ഈ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. ഇടപെടലിന്റെ ഭാഗമായി നവജാതശിശുക്കളുടെ ഭാരം രണ്ടര മുതൽ മൂന്ന് കിലോ വരെ ആക്കാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ